സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ കേഡറിലുള്ള ഉദ്യോഗസ്ഥർക്ക് ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവാകുന്നു.

---

ഉത്തരവ് നമ്പർ: **ROC 679/12/Est-I** നന്തൻകോട്,**28/2/2017**

---

പരാമർശം :- (1) 31.08.2016 ലെ മേൽ നമ്പർ ഉത്തരവ്.
(2) ദേവസ്വം കമ്മീഷണറുടെ 13.02.2017 ലെ ആർ.ഒ.സി.75/09/എസ്റ്റാ(എ) നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

01.07.2004 മുതൽ പ്രാബല്യത്തിൽ വന്ന ശമ്പള പരിഷ്കാര ഉത്തരവ് പ്രകാരം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ കേഡറിലെ 1/3 പോസ്റ്റുകൾക്ക് ഹയർഗ്രേഡ് അനുവദിച്ചു. ടി പ്രകാരം 25 പേർക്ക് ഹയർ ഗ്രേഡ് ലഭിയ്ക്കാൻ അർഹതയുള്ളതാണെങ്കിലും 24 പേർക്ക് മാത്രമെ ഹയർഗ്രേഡ് അനുവദിച്ചിരുന്നുള്ളൂ. ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 25-ാമത്തെ പേരുകാരനായ ശ്രീ.കെ.സുരേഷിന് ഉത്തരവ് തീയതിയായ 23.08.2016 മുതൽ പ്രാബല്യത്തിൽ ഹയർഗ്രേഡ് പരാമർശം 1-ൽ അനുവദിച്ചു.

കൊട്ടാരക്കര അസിസ്റ്റന്റ് ആഡിറ്റ് ഓഫീസർ ശ്രീ. കെ. രാജനെ ടിയാന്റെ പേരിലുള്ള അന്വേഷണ നടപടികൾക്ക് വിധേയമായി താൽക്കാലികമായി സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് (provisionaly reinstate) ഉത്തരവായ സാഹചര്യത്തിൽ ശ്രീ. കെ. രാജന് ഹയർഗ്രേഡിന് അർഹത ഉണ്ടോ/ഇല്ലയോ എന്നത് സംബന്ധിച്ച് സർവ്വീസ് കൺസൾട്ടന്റിന്റെ അഭിപ്രായം ആരാഞ്ഞുവെന്നും ടിയാനെ താൽക്കാലികമായാണ് സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുള്ളതെന്നും അതിനാൽ അച്ചടക്ക നടപടിയുടെ അവസാന തീരുമാനത്തിനുശേഷമേ ഇത്തരം ആനുകൂല്യം നൽകുന്നത് പരിഗണിക്കാനാവൂ എന്നും അഭിപ്രായം ലഭിച്ചിട്ടുള്ളതാണെന്നും അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ/അഡ്മിനിസ്ട്രേറ്റീവ് ആഫീസർ തസ്തികയിൽ ഇരുപത്തിയഞ്ചാമത്തെ പേരുകാരനായ ശ്രീ. കെ. സുരേഷിന് ഹയർഗ്രേഡ് ബോർഡിൽ നിന്നും അനുവദിക്കുന്ന തീയതി മുതൽ പ്രാബല്യം നൽകിയിട്ടുള്ളതാണെന്നും (23-08-2016 ലെ മേൽ നമ്പർ ഉത്തരവ്) എന്നാൽ ഹയർഗ്രേഡ് അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ആയിരുന്ന ശ്രീ. ആർ. മോഹൻ 31-05-2016 -ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ/അഡ്മിനിസ്ട്രേറ്റീവ് ആഫീസർ തസ്തികയിലെ അടുത്ത ആളിന് 01-06-2016 മുതൽ ഹയർഗ്രേഡിന് അർഹതയുണ്ടെന്നും ആകയാൽ 23-08-2016 തീയതിയിൽ ഹയർഗ്രേഡ് അനുവദിച്ച ഇരുപത്തിയഞ്ചാമത്തെ ആളായ ശ്രീ.കെ. സുരേഷിന് ഹയർ ഗ്രേഡ് അനുവദിക്കേണ്ട തീയതി പുനക്രമീകരിച്ച് 01-06-2016 മുതൽ എന്ന് നിശ്ചയിച്ചുത്തരവുണ്ടാകാമെന്നും,

ഹയർഗ്രേഡ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ/അഡ്മിനിസ്ട്രേറ്റീവ് ആഫീസർമാരായിരുന്ന ശ്രീ. വി. ഹരീന്ദ്രനാഥ്, ശ്രീമതി. എം. ഗീതാദേവി, ശ്രീ. കെ. എസ്. ബൈജു, ശ്രീ. കെ. സോമശേഖരൻ നായർ, ശ്രീ. ജി. പത്മകുമാർ എന്നിവർക്ക് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ തസ്തികയിലേക്ക് പ്രൊമോഷൻ ലഭിച്ചതിനാൽ ടി ആഫീസർമാർ ചാർജ്ജ് എടുത്ത തീയതി യഥാക്രമം 16-06-2016, 23-06-2016, 27-06-2016,

(മറുപുറം)

29-06-2016, 05-07-2016 എന്നിങ്ങനെയാണെന്നും അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ/അഡ്മിനിസ്ട്രേറ്റീവ് ആഫീസർ തസ്തികയിൽ ആറന്മുള ഗ്രൂപ്പിലെ ചെങ്ങന്നൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ശ്രീ. എസ്. അശോക് കുമാറിന് 16-06-2016 മുതൽ ഹയർഗ്രേഡിന് അർഹതയുണ്ടെന്നും പുനലൂർ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ശ്രീ. ഡി. സുധീഷ്കുമാറിന് 23-06-2016 മുതൽ ഹയർഗ്രേഡിന് അർഹതയുണ്ടെന്നും ദേവസ്വം കമ്മീഷണർ ആഫീസിലെ അസിസ്റ്റന്റ് കമ്മീഷണർ (ലീഗൽ അഫയേഴ്സ്) ശ്രീ. പി. പത്മകുമാറിന് 27-06-2016 മുതൽ ഹയർഗ്രേഡിന് അർഹതയുണ്ടെന്നും വർക്കല ഗ്രൂപ്പിലെ വർക്കല ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ശ്രീ. കെ. അനിൽകുമാറിന് 29-06-2016 മുതൽ ഹയർഗ്രേഡിന് അർഹതയുണ്ടെന്നും ആറന്മുള ഗ്രൂപ്പിലെ മലയാലപ്പുഴ ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ശ്രീ. ജി. ബൈജുവിന് 05-07-2016 മുതൽ ഹയർഗ്രേഡിന് അർഹതയുണ്ടെന്നും തിരുവനന്തപുരം ഗ്രൂപ്പിലെ തിരുവല്ലം ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ശ്രീ. വി. കൃഷ്ണകുമാരവാര്യർക്ക് 23-08-2016 മുതൽ ഹയർഗ്രേഡ് അനുവദിക്കാമെന്നും വിവരിച്ചുള്ള ദേവസ്വം കമ്മീഷണറുടെ പരാമർശം 2 റിപ്പോർട്ട് ലഭിച്ചു.

ബോർഡ് ടി വിഷയം വിശദമായി ചർച്ച ചെയ്തു. ശ്രീ.കെ.സുരേഷിന് (അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീകണ്ഠേശ്വരം ദേവസ്വം) 23.08.2016 മുതൽ ഹയർ ഗ്രേഡ് അനുവദിച്ചത് 01.06.2016 എന്ന തീയതിയിൽ പുനഃക്രമീകരിച്ചും അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ കേഡറിലുള്ള ചുവടെ വിവരിക്കുന്ന ഉദ്യോഗസ്ഥർക്ക് 42500-87000 ശമ്പള സ്കെയിലിൽ അവരുടെ പേരുകൾക്ക് നേരെ ചേർത്തിട്ടുള്ള തീയതികളിൽ ഹയർഗ്രേഡ് അനുവദിയ്ക്കുന്നതിനും തീരുമാനിച്ച് ഉത്തരവാകുന്നു.

| നം. | പേര്/തസ്തിക | തീയതി |
|---|---|---|
| 1 | ശ്രീ. എസ്. അശോക് കുമാർ,<br>അഡ്മിനിസ്ട്രേറ്റീവ് ആഫീസർ,<br>ചെങ്ങന്നൂർ ദേവസ്വം, ആറന്മുള ഗ്രൂപ്പ് | 16-06-2016 |
| 2 | ശ്രീ. ഡി. സുധീഷ്കുമാർ,<br>അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ,<br>പുനലൂർ ഗ്രൂപ്പ് | 23-06-2016 |
| 3 | ശ്രീ. പി. പത്മകുമാർ,<br>അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ<br>(ലീഗൽ അഫയേഴ്സ്),<br>ദേവസ്വം കമ്മീഷണർ ആഫീസ് | 27-06-2016 |
| 4 | ശ്രീ. കെ. അനിൽകുമാർ,<br>അഡ്മിനിസ്ട്രേറ്റീവ് ആഫീസർ,<br>വർക്കല ദേവസ്വം | 29-06-2016 |
| 5 | ശ്രീ. ജി. ബൈജു,<br>അഡ്മിനിസ്ട്രേറ്റീവ് ആഫീസർ,<br>മലയാലപ്പുഴ ദേവസ്വം | 05-07-2016 |
| 6 | ശ്രീ. വി. കൃഷ്ണകുമാരവാര്യർ,<br>അഡ്മിനിസ്ട്രേറ്റീവ് ആഫീസർ,<br>തിരുവല്ലം ദേവസ്വം<br>(PS to the Hon'ble Member Sri. Ajay Tharayil) | 23-08-2016 |

(മറുപുറം)

ടി ഉദ്യോഗസ്ഥർ ഈ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനുള്ളിൽ ശമ്പള നിർണ്ണയം സംബന്ധിച്ച ഓപ്ഷനുകൾ ദേവസ്വം അക്കൗണ്ട്സ് ഓഫീസർക്ക് സമർപ്പിയ്ക്കേണ്ടതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ആഫീസർ
3. ദേവസ്വം അക്കൗണ്ട്സ് ആഫീസർ – നടപടിയ്ക്കായി
4. The incumbents
5. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, തിരുവനന്തപുരം ഗ്രൂപ്പ്
6. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, ആറന്മുള ഗ്രൂപ്പ്
7. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, പുനലൂർ ഗ്രൂപ്പ്
8. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, വർക്കല ഗ്രൂപ്പ്
9. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, കോട്ടയം ഗ്രൂപ്പ്
10. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, പറവൂർ ഗ്രൂപ്പ്
11. ഇ.ഡി.പി സെക്ഷൻ
12. സെക്ഷൻ ഫയൽ
13. ഫയൽ ബുക്ക്
14. ഫെയർ ഓഫീസ് കോപ്പി

SK

EDP